# നമ്മെ വഴിനടത്തുന്നവൻ

## സങ്കീർത്തനങ്ങൾ 32:8

"ഞാൻ നിന്നെ ഉപദേശിച്ച് നടക്കേണ്ടുന്ന വഴി നിന്നെ കാണിച്ചു തരും. ഞാൻ നിന്റെമേൽ ദൃഷ്ടിവെച്ച് നിനക്ക് ആലോചന പറഞ്ഞുതരും"

ജീവിതത്തിൽ പല അവസരങ്ങളിലും പ്രശ്നങ്ങൾ വരുമ്പോൾ ഇനി എന്ത്? എന്ന ചോദ്യം നേരിടുന്നവരാണ് നമ്മൾ എല്ലാവരും. എന്തു കൊണ്ടാണ് നാം പ്രശ്നങ്ങളുടെ, പ്രതിസന്ധികളുടെ മുമ്പിൽ പകച്ച് ഇങ്ങനെ ഒരു ചോദ്യത്തെ നേരിടുന്നത് എന്ന് ആലോചിച്ചിട്ടുണ്ടോ? നാം നമ്മുടെ കഴിവിൽ വിശ്വസിച്ച് ഞാൻ എന്ന ഭാവവുമായി, എന്നാൽ എല്ലാം കഴിയും എന്ന അഹങ്കാരവുമായി മുന്നിട്ടിറങ്ങുമ്പോഴാണ് നമ്മുടെ സ്വപ്നങ്ങൾക്ക് മുന്നിൽ, ലക്ഷ്യങ്ങൾക്കു മുന്നിൽ വഴികൾ അടഞ്ഞ് പ്രതിസന്ധികൾ നേരിടുന്നത്. എന്നാൽ നമ്മുടെ ആഗ്രഹങ്ങളെ കർത്താവിന്റെ കരങ്ങളിൽ നൽകുമ്പോഴോ, നമ്മെ ഈ ഭൂമിയിൽ സൃഷ്ടിച്ചുണ്ടാക്കുകയും, വഴിനടത്തുകയും ചെയ്യുന്ന കർത്താവ് നാം നടക്കേണ്ടുന്ന പാതയിലൂടെ നമ്മെ വഴിനടത്തും, നാം ചെയ്യേണ്ടുന്ന കാര്യങ്ങൾക്ക് അവൻ ആലോചന പറഞ്ഞു തരികയും ചെയ്യും. പക്ഷെ ആ വിളി കേൾക്കാൻ ആ സ്നേഹത്തെ അറിയാൻ നാം നമ്മെ തന്നെ കർത്താവിൽ സമർപ്പിക്കണം.

സങ്കീർത്തനം 37 ന്റെ 4-5 വാക്യങ്ങൾ ഇപ്രകാരം വായിക്കുന്നു, "യഹോവയിൽ തന്നെ രസിച്ചുകൊൾക അവൻ നിന്റെ ഹൃദയത്തിലെ ആഗ്രഹങ്ങളെ നിനക്ക് തരും, നിന്റെ വഴി യഹോവയെ ഭരമേൽപ്പിക്ക അവനിൽ തന്നെ ആശ്രയിക്ക, അവൻ അത് നിർവ്വഹിക്കും." നമ്മുടെ ആഗ്രഹങ്ങളെ സ്വപ്നങ്ങളെ കർത്താവിന്റെ കരങ്ങളിലേക്ക് ഏൽപിക്കുക. നമ്മെ തന്നെ കർത്താവിൽ സമർപ്പിക്കുമ്പോൾ നമ്മുടെ നല്ല പിതാവ് നമ്മെ കല്ലിലും മുള്ളിലും തട്ടിവീഴാതെ പരിപാലിക്കും. അപ്പാ, എന്റെ ആഗ്രഹങ്ങളെ, സ്വപ്നങ്ങളെ നിന്റെ കരങ്ങളിലേക്ക് നൽകുന്നു അവിടുത്തെ ഹിതം പോലെ എന്നെ നടത്തേണമേ എന്ന പ്രാർഥനയോടെ നമ്മുടെ ദിനങ്ങളെ ആരംഭിച്ചാലോ, അപ്പാ എന്ന നമ്മുടെ വിളി കേൾക്കാനായി കൊതിച്ചിരിക്കുന്ന നമ്മുടെ അപ്പനെ നാം ഒന്നു വിളിക്കുക മാത്രമേ വേണ്ടൂ, അവൻ നമ്മെ നിശ്ചയമായും വഴിനടത്തും. ഇന്ന് പലപ്പോഴും പ്രതിസന്ധികൾ വരുമ്പോൾ മാത്രം കർത്താവിനെ അന്വേഷിക്കുന്നവരായി നാം ഓരോരുത്തരും തീർന്നിരിക്കുന്നു. അല്ല, പ്രതിസന്ധികൾ ഇല്ലാത്തപ്പോൾതന്നെ നമുക്കു നമ്മുടെ കർത്താവിനെ അപ്പാ എന്നു വിളിച്ചു കൂടേ?

ഈ ലോകം നമ്മെ ഉപേക്ഷിച്ചാലും സ്വന്തക്കാരും ബന്ധുക്കാരുമെല്ലാം ഒഴിഞ്ഞുപോയാലും പെറ്റമ്മ മറന്നാലും നമ്മെ മാറോട് ചേർത്തു സ്നേഹിക്കുന്ന ഒരു പിതാവ് നമുക്കുണ്ട്. നമ്മുടെ യഹോവയാം ദൈവത്തിൽ പ്രത്യാശ വെയ്ക്കുക നാം ഒരിക്കലും പ്രതിസന്ധികളിൽ തളരില്ല. നമ്മുടെ സ്വപ്നങ്ങൾ ആഗ്രഹങ്ങൾ നഷ്ടപ്പെടില്ല. ദൈവം നമ്മെ മാനിക്കും.

പരാമർശം :

**സങ്കീർത്തനങ്ങൾ 27:14**

യഹോവയിങ്കൽ പ്രത്യാശ വെയ്ക്കുക, ധൈര്യപ്പെട്ടിരിക്ക, നിന്റെ ഹൃദയം ഉറച്ചിരിക്കട്ടെ, അതേ യഹോവയിൽ പ്രത്യാശ വെയ്ക്കുക.

## സിസ്റ്റർ റീനു ജെയിംസ് കങ്ങഴ 001